ഹൈ റെയിഞ്ച് സർക്കിൾ	39300	"
അഗസ്ത്യ വനം ബയോജിക്കൽ പാർക്ക്, തിരുവനന്തപുരം	2500	"
ആകെ	347660	"

(ബി) കാട്ടുതീ വെയ്പ്പുമായി ബന്ധപ്പെട്ട് നോർത്തേൺ സർക്കിൾ കണ്ണൂരിന്റെ കീഴിൽ പതിനാലു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാരിന്റെ വരവ്

1 (1796) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് വിവിധ ഇനങ്ങളിലായി ലഭിച്ച വരവുകളുടെ ഇനം തിരിച്ചുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര നികുതിവിഹിതം, സംസ്ഥാന നികുതി വരുമാനം, സംസ്ഥാന നികുതിയേതര വരുമാനം, ഗ്രാന്റ്-ഇൻ-എയിഡ് എന്നീ ഇനങ്ങളിൽ ലഭിച്ച വരവുകളുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

	2001-02	2002-03
	(രൂപ കോടിയിൽ)	
കേന്ദ്രനികുതിവിഹിതം	1614.26	1603.43*
സംസ്ഥാന നികുതിവരുമാനം	5923.42	7288.29*
സംസ്ഥാന നികുതിയേതര വരുമാനം	543.38	596.08*
കേന്ദ്രത്തിൽനിന്നുള്ള ഗ്രാന്റ്-ഇൻ-എയിഡ്	975.33	818.27*

(*താൽക്കാലിക കണക്ക്)

വിവേ സമാഹരണം

2 (1797) ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. ഗവൺമെന്റ് പ്രസിദ്ധീകരിച്ച ധവള പത്രത്തിൽ 2001-2002 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്താനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വിഭവ സമാഹരണം നടത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) 2003 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വിഭവ സമാഹരണം നടത്തിയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഗവൺമെന്റ് പുറപ്പെടുവിച്ച ധവള പത്രത്തിൽ റവന്യൂ ചെലവ് ചുരുക്കി എത്ര കോടി രൂപ ലാഭിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ റവന്യൂ ചെലവ് ചുരുക്കി എത്ര കോടി രൂപ സേവ് ചെയ്യാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-2002-ൽ ഏകദേശം 1435 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്തുവാനുതകുന്ന സാമ്പത്തിക പരിഷ്ക്കരണ നടപടികൾ ധവളപത്രത്തിൽ നിർദ്ദേശിച്ചിരുന്നു. ഇവ പൊതു ചർച്ച ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു.

(ബി) 12087.28 കോടി രൂപ.

(സി) 2002-2003-ലെ അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 14068.74 കോടി രൂപ

(ഡി) 2001-2002-ൽ 975 കോടി രൂപയുടെ ചെലവ് ചുരുക്കൽ നടപടികൾ ധവള പത്രത്തിൽ നിർദ്ദേശിച്ചിരുന്നു. ഇവ പൊതു ചർച്ച ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു.

(ഇ) ചെലവ് ചുരുക്കൽ നടപടികളിലൂടെ ചെലവിന്റെ വർദ്ധനവിന്റെ തോതു കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എത്ര രൂപ ഈ ഇനത്തിൽ സേവ് ചെയ്യുവാൻ കഴിഞ്ഞുവെന്നതിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

സാമ്പത്തിക പരിഷ്ക്കാരങ്ങൾ

3 (1798) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുമ്പോൾ സാധാരണ ജനങ്ങളുടെ നിത്യജീവിതച്ചെലവ് വർദ്ധിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കുമോ ?

ഉത്തരം

പരമാവധി ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly